## കേരള സർക്കാർ

### സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് -പത്തനംതിട്ട ജില്ല - റാന്നി ഗ്രാമ പഞ്ചായത്ത് - ഗവണ്മെന്റ് ഐ.ടി.ഐ ഉദ്ഘാടനം - ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിന് ചെലവഴിച്ച 30,000/- രൂപ - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.2778/12/തസ്വഭവ. തിരുവനന്തപുരം,തീയതി: 05/10/2012**

---

**പരാമർശം:-**
1) 04/06/2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-11435/P.T1/11 നമ്പർ കത്ത്.
2) 28/07/2012-ലെ റാന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ 2-2212/12-ാം നമ്പർ കത്ത്.

## ഉത്തരവ്

റാന്നി ഗ്രാമപഞ്ചായത്തിലെ ഗവണ്മെന്റ് ഐ.റ്റി.ഐ യുടെ ഉദ്ഘാടന ചടങ്ങുമായി ബന്ധപ്പെട്ട് ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിന് 30,000/- രൂപ ചെലവഴിച്ചത് അനുമതിയില്ലാതെയാണെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഭരണ സമിതി അംഗങ്ങളിൽ നിന്നും തുക തുല്യമായി ഈടാക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

റാന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം രണ്ടിലെ മറുപടിയിൽ ദ്രുതഗതിയിൽ ഐ.ടി.ഐ യുടെ ഉദ്ഘാടന ചടങ്ങ് തീയതി നിശ്ചയിക്കുകയും ഉദ്ഘാടനത്തിന് മുമ്പേ ബഹു. എം.എൽ.എ യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിന് 30,000/- രൂപ ചെലവഴിക്കുകയാണുണ്ടായതെന്നും ടി ചെലവ് 09/02/2012-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ VI (i) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റാന്നി ഗ്രാമപഞ്ചായത്തിൽ ഗവണ്മെന്റ് ഐ.റ്റി.ഐയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിന് 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, റാന്നി ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ